പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1214 — 12.06.2014 ൽ മറുപടിക്ക്

## പാചകവാതകവിതരണ ഏജൻസികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പാചകവാതക ഏജൻസികളുടെ നിരുത്തരവാദ പരമായ പ്രവർത്തനങ്ങൾ കാരണം ഗാർഹിക ആവശ്യങ്ങൾക്കുള്ള പാചകവാതക വിതരണത്തിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;<br>(സി) ഇതിനായി പെട്രോളിയം മന്ത്രാലയം, എണ്ണക്കമ്പനികൾ എന്നിവയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ബി) (സി) പാചകവാതക വിതരണം എസ്മയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാചകവാതക ഏജൻസികളിൽ നടത്തുന്ന മിന്നൽ പരിശോധനകളിൽ ഗ്യാസ് ഏജൻസിയുടെ ഭാഗത്തുനിന്നും സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിൽ വീഴ്ചവന്നതായി കണ്ടെത്തിയാൽ എൽ.പി.ജി (റഗുലേഷൻ ഡിസ്ട്രിബ്യൂഷൻ ആന്റ് കൺട്രോൾ) ഓർഡർ പ്രകാരം ഏജൻസിക്കെതിരെ നടപടി കൈക്കൊള്ളാൻ ശുപാർശചെയ്യുന്നു. മാർക്കറ്റിംഗ് ഡിസിപ്ലിൻ 2014 പ്രകാരം എണ്ണക്കമ്പനികളും ഗ്യാസ് ഏജൻസികൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. പാചകവാതക വിതരണത്തിൽ കാലതാമസം വരുക, പാചകവാതകത്തിന് കൂടുതൽ വില ഈടാക്കുക, ഉപഭോക്താക്കളുടെ അന്വേഷണത്തിന് മറുപടി നല്കാതിരിക്കുക എന്നീ വിഷയങ്ങൾ സംബന്ധിച്ച് എണ്ണക്കമ്പനികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ഇത്തരം പരാതികൾ അടിയന്തരമായി പരിഹരിക്കാൻ കർശന നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. ബുക്ക്ചെയ്തിട്ട് 20 ദിവസത്തിനുള്ളിൽ പാചകവാതകം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ